**പതിനാലാം കേരള നിയമസഭ**

**അഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത**

**നിയമസഭാ ചോദ്യം നം : 5014** **22.05.2017 ലെ മറുപടിക്ക്**

## ഗ്രന്ഥശാലകൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :<br>ശ്രീ. ഐ.സി. ബാലകൃഷ്ണൻ :<br>ശ്രീ. സണ്ണി ജോസഫ് : | പ്രൊഫ. സി. രവീന്ദ്രനാഥ്<br>(ബഹു. വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |

(എ) സംസ്ഥാനത്ത് എത്ര പൊതു ഗ്രന്ഥശാലകൾ ഉണ്ടെന്ന് ഗ്രേഡ് തിരിച്ച് വ്യക്തമാക്കാമോ ;

(എ) സംസ്ഥാനത്ത് നിലവിൽ 8182 പൊതു ഗ്രന്ഥശാലകൾ ഉണ്ട്. ഇതിൽ 5838 ഗ്രന്ഥശാലകൾ ഗ്രഡേഷനിൽ പങ്കെടുത്ത് ഗ്രാന്റ് വാങ്ങുന്നുണ്ട്. അവയുടെ വിവരം ഗ്രേഡ് തിരിച്ച് ചുവടെ ചേർക്കുന്നു.

എ ഗ്രേഡ് - 1868
ബി ഗ്രേഡ് - 1224
സി ഗ്രേഡ് - 713
ഡി ഗ്രേഡ് - 530
ഇ ഗ്രേഡ് - 741
എഫ് ഗ്രേഡ് - 762

(ബി) ഓരോ ഗ്രന്ഥശാലകൾക്കും അനുവദിച്ചിരിക്കുന്ന വാർഷിക ഗ്രാന്റ് തുകയും ലൈബ്രേറിയൻ അലവൻസും എത്രയെന്ന് വ്യക്തമാക്കാമോ ;

(ബി) ചുവടെ ചേർക്കും പ്രകാരം വാർഷിക ഗ്രാന്റ്, ലൈബ്രേറിയൻ അലവൻസ് എന്നിവ അനുവദിക്കുന്നതിന് സർക്കാർ അംഗീകാരം നൽകിയിട്ടുണ്ട്.

| ഗ്രേഡ് | വാർഷിക ഗ്രാന്റ് | ലൈബ്രേറിയൻ അലവൻസ് |
|---|---|---|
| എ | 20000 | 20400 |
| ബി | 15000 | 20400 |
| സി | 12000 | 20400 |
| ഡി | 10000 | 17400 |
| ഇ | 8500 | 17400 |
| എഫ് | 7500 | 17400 |

(സി) പൊതു ഗ്രന്ഥശാലകളിലെ ലൈബ്രേറിയൻമാരുടെ യോഗ്യത എന്താണെന്ന് നിശ്ചയിച്ചിട്ടുണ്ടോ ; ഈ ലൈബ്രേറിയൻമാർക്ക് സർക്കാർ പരിശീലനം നൽകുന്നുണ്ടോ ; വിശദാംശം ലഭ്യമാക്കാമോ ;

(സി) പൊതുഗ്രന്ഥശാലകളിലെ ലൈബ്രേറിയൻമാർക്ക് നിലവിൽ യോഗ്യത നിശ്ചയിച്ചിട്ടില്ല. 2016-17 വർഷം എല്ലാ ലൈബ്രേറിയൻമാർക്കുമായി സ്റ്റേറ്റ് ലൈബ്രറി കൗൺസിൽ ഒരു മാസം നീണ്ടുനിന്ന പരിശീലനം സംഘടിപ്പിച്ചിരുന്നു.

(ഡി) എ ഗ്രേഡ് ലൈബ്രറിയിലെ നിശ്ചിത യോഗ്യതയുള്ള ലൈബ്രേറിയൻമാരെ പാർട്ട് ടൈം ജീവനക്കാരായി നിയമിക്കാൻ വേണ്ട നടപടി സ്വീകരിക്കുമോ ;

(ഡി) ഇപ്പോൾ പരിഗണനയിലില്ല

(ഇ) ഗ്രന്ഥശാല സംഘത്തിൽ രജിസ്റ്റർ ചെയ്തിട്ടുള്ള എത്ര ഗ്രന്ഥശാലയിലും സർക്കാർ കമ്പ്യൂട്ടർ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(ഇ) സംസ്ഥാന സർക്കാരിന്റെ പദ്ധതി പ്രവർത്തനങ്ങളുടെ ഭാഗമായി 2013-14 മുതൽ ഇതുവരെ 270 ഗ്രന്ഥശാലകളിൽ കമ്പ്യൂട്ടർ ഇന്റർനെറ്റ് സംവിധാനം ലഭ്യമാക്കിയിട്ടുണ്ട്.

(എഫ്) രജിസ്റ്റർ ചെയ്ത എല്ലാ എ ഗ്രേഡ് ഗ്രന്ഥശാലയിലും ഒരു വർഷം കൊണ്ട് ഇന്റർനെറ്റ് സംവിധാനം സജ്ജീകരിക്കുമെന്ന് സർക്കാർ തീരുമാനമെടുത്തിട്ടുണ്ടോ ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ ;

(എഫ്) 2016-17 വർഷം സർക്കാർ ബഡ്ജറ്റിൽ ഈ നിർദ്ദേശം ഉൾപ്പെടുത്തിയിരുന്നുവെങ്കിലും സാമ്പത്തിക പരിമിതി നിമിത്തം നടപ്പിലാക്കുവാൻ കഴിഞ്ഞിട്ടില്ല.

(ജി) പൊതു ഗ്രന്ഥശാലകളിൽ കമ്പ്യൂട്ടർ ഉൾപ്പെടെയുള്ള അടിസ്ഥാന സൗകര്യങ്ങൾ സജ്ജീകരിക്കുന്നതിന് എം.എൽ.എ.മാരുടെ ആസ്തി വികസന ഫണ്ട് ഉപയോഗപ്പെടുത്തുന്നതിന് എന്തെങ്കിലും തടസ്സങ്ങൾ നിലവിലുണ്ടോ ; വിശദാംശങ്ങൾ ലഭ്യമാക്കാമോ ?

(ജി) സർക്കാർ അധീനതയിൽ മൂലധനസ്വഭാവമുള്ള ആസ്തികളുടെ സൃഷ്ടിയാണ് നിയോജകമണ്ഡല ആസ്തി വികസന പദ്ധതി ലക്ഷ്യമിടുന്നത്. സർക്കാരിന്റെയോ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയോ ഉടമസ്ഥതയിലുള്ള ഗ്രന്ഥശാലകൾക്ക് കെട്ടിട നിർമ്മാണത്തിനായി ആസ്തി വികസന ഫണ്ട് അനുവദിച്ചുവരുന്നുണ്ട്. കമ്പ്യൂട്ടർ മുതലായ ഉപകരണങ്ങൾ മൂലധനസ്വഭാവമുള്ള ആസ്തികളുടെ ഗണത്തിൽപ്പെടാത്തതിനാൽ ആസ്തി വികസന ഫണ്ടുപയോഗിച്ച് ഗ്രന്ഥശാലകൾക്ക് പ്രസ്തുത ഉപകരണങ്ങൾ വാങ്ങുന്നതിന് അനുമതിയില്ല.

സെക്ഷൻ ഓഫീസർ